"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് –2026 ആഗസ്റ്റ് മാസത്തിലെ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ്

സ.ഉ.(സാധാ) നം.6532/2026/FIN തീയതി,തിരുവനന്തപുരം, 18-08-2026

പരാമർശം:-
1. സ. ഉ. (എം.എസ്) നം.133/2022/ധന തീയതി 29/07/2022
2. സ. ഉ. (സാധാ) നം. 5952/2026/ധന തീയതി 23/07/2026
3. ഇൻഫർമേഷൻ കേരളാ മിഷനിൽ നിന്നും 17/08/2026 ൽ ലഭ്യമായ ഇ-മെയിൽ സന്ദേശം

<u>ഉത്തരവ്</u>

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നല്കുന്ന ക്ഷേമനിധി ബോർഡുകളിലെ **6,59,637** ഗുണഭോക്താക്കൾക്ക് 2026 ആഗസ്റ്റ് മാസത്തിലെ ക്ഷേമനിധി ബോർഡ് പെൻഷൻ നല്കുന്നതിനായി **₹130,31,69,200/-** ആവശ്യമാണെന്ന് ഇൻഫർമേഷൻ കേരള മിഷൻ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധന സഹായം ഉപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ **6,59,637** ഗുണഭോക്താക്കൾക്ക് 2 0 2 6 ആഗസ്റ്റ് മാസത്തിലെ ക്ഷേമനിധി ബോർഡ് പെൻഷൻ നല്കുന്നതിനായി **₹130,31,69,200/- (നൂറ്റിമുപ്പതു കോടി മുപ്പത്തിഒന്ന് ലക്ഷത്തി അറുപത്തിഒമ്പതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം)** അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും അനുബന്ധത്തിൽ വിശദീകരിച്ചിട്ടുള്ള ക്ഷേമനിധി ബോർഡുകളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട്/ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നല്കുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുന്നു. ഈ പെൻഷൻ തുകയ്ക്കായി ക്ഷേമനിധി ബോർഡുകൾ ബന്ധപ്പെട്ട ഭരണവകുപ്പിന് പ്രത്യേകമായി നിർദേശം സമർപ്പിക്കേണ്ടതില്ല.

3. 2026 ആഗസ്റ്റ് മാസത്തിലെ പെൻഷൻ (വാർദ്ധക്യകാല/ റിട്ടയർമെന്റ്) വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളൂ. അവശതാ/ കുടുംബ/ മറ്റ് പെൻഷൻ,

കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് ഈ പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല. കഴിഞ്ഞ മാസത്തെ പെൻഷൻ തുകയിൽ വിതരണം ചെയ്യാത്ത തുക യഥാസമയം തിരിച്ചടച്ചിട്ടില്ലാത്ത പക്ഷം സൂചന (1) -ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതായിരിക്കും.

4.ക്ഷേമനിധി ബോർഡ് പെൻഷൻ 2 0 2 6 ആഗസ്റ്റ് 19ന് വിതരണം ആരംഭിക്കേണ്ടതും 2026 ഓഗസ്റ്റ് 31 നകം വിതരണം പൂർത്തിയാക്കേണ്ടതുമാണ്. വിതരണം ചെയ്യാത്ത തുക 2026 സെപ്റ്റംബർ 10 നകം കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 110110801000251 നമ്പർ (IFS Code KSBK0000101) അക്കൗണ്ടിൽ തിരിച്ചടയ്ക്കുന്നുവെന്ന് എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. ഈ സമയക്രമത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവതരമായി വീക്ഷിക്കുന്നതാണ്. കൂടാതെ, ഒരു ഗുണഭോക്താവ് ഒന്നിലധികം ബോർഡുകളിൽ നിന്നും ക്ഷേമനിധി പെൻഷൻ കൈപ്പറ്റുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുരേഷ് കുമാർ ഒ ബി
ജോയിൻറ് സെക്രട്ടറി

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ്എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ധനകാര്യ(എസ്.എസ്/ബഡ്ജറ്റ്/ലേബർ/കൃഷി/വ്യയം/ഇൻഡ്&പിഡബ്ല്യു.എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-3468539/ എസ്.എഫ്.സി.ബി3/26/2026)

ഉത്തരവിൻ പ്രകാരം
Digitally signed by
Nirmala N
Date: 18-08-2026
12:20:06
സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

ക്രമ നം	ക്ഷേമനിധി ബോർഡ്	ഗുണഭോക്താക്കളുടെ എണ്ണം	ഒരു മാസത്തേക്ക് അനുവദിക്കേണ്ട തുക	അനുവദിക്കേണ്ട എസ്.റ്റി.എസ്.ബി/ബാങ്ക്, ഐ.എഫ്.എസ്.സി, അക്കൗണ്ട് നമ്പർ
1	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	**22803**	**45606000**	799011400005224, ജില്ലാ ട്രഷറി, തിരുവനന്തപുരം
2	കർഷക പെൻഷൻ	**201101**	**402202000**	എസ് ബി ഐ വികാസ് ഭവൻ ശാഖ SBIN0070415, 38495089347
3	മത്സ്യ തൊഴിലാളി	**54188**	**108376000**	സബ് ട്രഷറി, തൃശ്ശൂർ,Special TSB A/c No. 713021400000017
4	ക്ഷീര കർഷക പെൻഷൻ *	**53540**	**91015800**	SBI, തിരുവനന്തപുരം സിറ്റി ശാഖ,SBIN0070028,67004044174
5	ലോട്ടറി തൊഴിലാളി	**9717**	**19434000**	ഫെഡറൽ ബാങ്ക് , സ്റ്റാച്യു ശാഖ, FDRL0001030, 10300100427691
6	കയർ തൊഴിലാളി	**81115**	**162230000**	IDBI , ആലപ്പുഴ ശാഖ, IBKL0000305, 0305104000115933
7	ഖാദി തൊഴിലാളി	**530**	**1060000**	STSB:701011400000114 ജില്ലാ ട്രഷറി, തിരുവനന്തപുരം
8	ട്രേഡേഴ്സ് വെൽഫെയർ	**14748**	**29496000**	ജില്ലാ ട്രഷറി, തിരുവനന്തപുരം. STSB-799011400007521
9	ചുമട്ടു തൊഴിലാളി**	**5226**	**10445000**	KLGB0040537, 40537101007480
10	ആഭരണ തൊഴിലാളി	**1637**	**3274000**	STSB: 799011400005233, ജില്ലാ ട്രഷറി, തിരുവനന്തപുരം
11	ചെറുകിട തോട്ടം തൊഴിലാളി	**1265**	**2530000**	കാനറാ ബാങ്ക്, കോട്ടയം, CNRB0001523, 1523132000007
12	ഈറ്റ കാട്ടു വള്ളി തഴ തൊഴിലാളി	**11461**	**22922000**	സബ് ട്രഷറി , അങ്കമാലി, 799011400007726
13	ബീഡി & സിഗാർ തൊഴിലാളി***	**4497**	**8989800**	കേരള ബാങ്ക് കണ്ണൂർ KSBK0000014, 014120123003026
14	തയ്യൽ തൊഴിലാളി	**130350**	**260700000**	ഐ സി ഐ സി ഐ, പട്ടം, I

				CIC0001177, 117701000668
15	കൈത്തറി തൊഴിലാളി	**8530**	**17060000**	A/C No. 173512801000592, കേരള ബാങ്ക്, മെയിൻ ബ്രാഞ്ച്, കണ്ണൂർ, KSBK0001735
16	കശുവണ്ടി തൊഴിലാളി****	**58929**	**117828600**	എസ് ബി ഐ ബീച്ച് റോഡ്, കൊല്ലം, SBIN0070279, 57005949949
	ആകെ	**659637**	**1303169200**	

* 53538 പേർക്ക് 1,700 രൂപ നിരക്കിൽ, 2 പേർക്ക് 600 രൂപ നിരക്കിൽ

** 5 പേർക്ക് 600 രൂപ നിരക്കിൽ

*** 3 പേർക്ക് 600 രൂപ നിരക്കിൽ

**** 21 പേർക്ക് 600 രൂപ നിരക്കിൽ